**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3305** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹാരിസൺസ് വ്യാജരേഖ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹാരിസൺസ് കമ്പനി വ്യാജരേഖ ചമച്ചതിനെതിരെ നടന്നുവരുന്ന കേസ് അവസാനിപ്പിക്കാമെന്ന് വിജിലൻസ് കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ അറിയിച്ചത് റവന്യൂവകുപ്പ് അറിയാതെയാണോ എന്നറിയിക്കുമോ; | (എ) | സർക്കാർ ഭൂമി അനധികൃതമായി വ്യാജരേഖകൾ ചമച്ച് കൈമാറിയ കേസിൽ ഉൾപ്പെട്ട ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ചുമതലക്കാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി.09/2013/ എസ്.ഐ.യു-II നമ്പർ കേസിൽ 'Further Actions Dropped' എന്ന് രേഖപ്പെടുത്തി അന്തിമ റിപ്പോർട്ട് അന്വേഷണ ഏജൻസി വിജിലൻസ് കോടതിയിൽ സമർപ്പിച്ചു. അതിനുശേഷമാണ് ടി കേസ് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പന്റെ അനുമതി ആവശ്യമില്ലാത്തതിനാൽ ഇക്കാര്യം പബ്ലിക് പ്രോസിക്യൂട്ടർമാർ വിജിലൻസ് കോടതിയെ അറിയിച്ചത്. ആയത് റവന്യൂ വകുപ്പിന്റെ അറിവോടുകൂടി അല്ല. അന്തിമ റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം ഹാരിസൺസ് അധികൃതർ അനധികൃതമായി കൈവശം വച്ചിട്ടുള്ളതായി റവന്യൂവകുപ്പ് കണക്കാക്കിയിട്ടുള്ളത്; | (ബി) | പ്രമാണ രേഖയായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഹാജരാക്കിയതും കൊല്ലം എസ്. ആർ. ഒ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ 1600/1923 നമ്പർ കരാർ ഉടമ്പടി (Indenture) പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി ജില്ലകളിലായി 25,630 ഏക്കർ ഭൂമി ടി കമ്പനി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഹാരിസൺസ് കമ്പനി മറ്റ് എവിടെയെല്ലാമാണ് ഭൂമികൈയേറ്റങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ? | (സി) | സർക്കാർ നിയമിച്ച ഉന്നതാധികാര സമിതിയുടെ അന്വേഷണത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകളിലായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി 76,769.80 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

General

Extent of land held by M/s. HML on lease/Jenmam/freehold all over the State are:

| | Land on Lease (Acre) | Registered Land Patta (Acre) | Total |
|---|---|---|---|
| Travancore | 40446.58 | 6646.07 | 47092.65 |
| Cochin | 6068.82 | nil | 6068.82 |
| Malabar | 19252.35 | 4355.98 | 23608.33 |
| TOTAL | 65767.75 | 11002.05 | |

**Grand Total = 76769.80 Acres**

=============